ആഭ്യന്തരവകുപ്പടക്കം സംശയത്തിന്റെ മുനയിൽ നിൽക്കുന്ന നിരവധി പേരുണ്ട്. അതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഇവിടെ ശ്രീ. ബാബു എം. പാലിശ്ശേരി.....

മി. പ്രോട്ടെം സ്പീക്കർ : റിപ്പൈ കഴിയട്ടെ. മന്ത്രിയുടെ മറുപടി കഴിയട്ടേ.....

V വ്യക്തിപരമായ വിശദീകരണം

9.54 AM]

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, ബഹുമാനപ്പെട്ട ബാബു എം. പാലിശ്ശേരി, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ ഉൾപ്പെടെയുള്ളവർ ഒപ്പിട്ട് കിട്ടിയ കത്താണ് അടിയന്തരപ്രമേയമായി വന്നത്. ഇത് കണ്ടയുടൻ തന്നെ പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിക്കണമെന്ന് കാണിച്ച് ഞാൻ അങ്ങേയ്ക്ക് കത്ത് തന്നു. ഞാൻ ഇന്നലെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചപ്പോൾ, ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരുകാര്യവും സഭയിൽ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നില്ലെന്ന് പറഞ്ഞു. ഇപ്പോഴും ഞാൻ ആ അഭിപ്രായത്തിൽത്തന്നെ നിൽക്കുകയാണ്. ഒരു പ്രധാനപ്പെട്ട കാര്യം പറയാനുള്ളത്, ഏതുകാര്യത്തിലും എപ്പോഴും പ്രതിപക്ഷം എന്റെ പേര് വിനിയോഗിക്കുകയാണ്. എനിക്ക് ഒരു വിരോധവുമില്ല, സന്തോഷം. പക്ഷേ ഒരുകാര്യം, ഇതിനകത്ത് 'അന്വേഷണം അട്ടിമറിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസും' ഇടപെട്ടു എന്ന് ഗവൺമെന്റ് ചീഫ് വിപ്പ് തെളിവുസഹിതം വെളിപ്പെടുത്തിയിരിക്കുന്നു എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസ് ഇക്കാര്യത്തിൽ ഇടപെട്ടതായി ഏതെങ്കിലും ഒരു സ്ഥലത്ത് എവിടെയെങ്കിലും ഞാൻ പറഞ്ഞതായി തെളിയിച്ചാൽ എന്റെ എം.എൽ.എ. സ്ഥാനം ഉൾപ്പെടെ രാജിവച്ചിരിക്കും. പറയുമ്പോൾ ന്യായം വേണം....(ബഹളം)..... പറയാൻ അനുവദിക്കണം.....ഇതുസംബന്ധമായ ചർച്ചയിൽ ഞാൻ ഒരുകാര്യം പറഞ്ഞിട്ടുണ്ട്. ഭരണ-പ്രതിപക്ഷ കക്ഷികളിൽപ്പെട്ട പല പ്രമുഖന്മാരും ഇതിൽ പങ്കാളികളാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. അതിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്. അതിൽനിന്നും മാറുന്നില്ല. ഏതെങ്കിലും എം.എൽ.എ.-യാണെന്ന് പറഞ്ഞിട്ടില്ല. പക്ഷേ ഒരു കാര്യമുണ്ട്, പ്രതിപക്ഷത്തെ രണ്ട് എം.എൽ.എ.-മാരും

LIBRARY ARCHIVES Kerala Legislative Assembly

ഭരണപക്ഷത്തെ ഒരു എം.എൽ.എ.-യും നിസാമും ചേർന്നുള്ള ഒരു യോഗത്തിലെ ചിത്രം കാണാനിടയായി. അതുകൊണ്ടാണ് ഞാനത് പറഞ്ഞത്. നിഷേധിക്കാൻ സാധിക്കുമോ? പക്ഷേ ആ ചിത്രത്തിൽ ഇവരെല്ലാം ഉള്ളതുകൊണ്ട് ഈ എം.എൽ.എ.-മാരെല്ലാം പണം വാങ്ങിയെന്ന് ഞാൻ ആരോപിക്കുന്നില്ല. പക്ഷേ ഇതുപോലുള്ള ക്രോഡിനെ, മനുഷ്യമുഖത്തെ സഹായിക്കുന്ന നടപടി ആര് സ്വീകരിച്ചാലും അവർക്ക് ദൈവശിക്ഷ കിട്ടുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

മി. പ്രോട്ടെം സ്പീക്കർ : ശ്രീ. പി. എ. മാധവന് ഈ വിഷയം സംബന്ധിച്ച് സബ്മിഷൻ അവതരിപ്പിക്കാനുണ്ട്. അപ്പോൾ പറഞ്ഞാൽ മതിയോ ? അതോ ഇപ്പോൾ പറയണോ ?

9.57 AM]

ശ്രീ. പി. എ. മാധവൻ : സർ, കഴിഞ്ഞ ഒരു മാസക്കാലമായി കേരളത്തിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണിത് ....(ബഹളം)....ജനുവരി മാസം 29-ാം തീയതി പുലർച്ചെ ആരംഭിച്ച് ഫെബ്രുവരി 16-ാം തീയതി വരെ ഒട്ടേറെ ചർച്ചകൾക്ക് വിധേയമായി, അന്നുമുതൽ ഇന്നുവരെ ചർച്ച നടക്കുന്ന വളരെയേറെ ക്രൂരമായ, പൈശാചികമായ ഒരു നരനായാട്ടിന് വിധേയമായി എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കാരമുക്കിൽ താമസിക്കുന്ന ചന്ദ്രബോസ് കൊല്ലപ്പെട്ട സംഭവമാണിത്. ശ്രീ. ബാബു എം. പാലിശ്ശേരി ഈ വിഷയം അവതരിപ്പിച്ചു എന്ന കാര്യത്തിൽ എനിക്ക് വളരെയേറെ സന്തോഷമുണ്ട്. കാരണം, അടിയന്തര പ്രമേയത്തിലെ അദ്ദേഹത്തിന്റെ ആദ്യ വാചകം നോട്ട് ചെയ്യണം..... (ബഹളം).....എനിക്ക് പറയണം. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതായതുകൊണ്ട് എനിക്ക് പറയാൻ അവസരം വേണം. ഈ അടിയന്തരപ്രമേയത്തിൽ എന്റെ പേര് പരാമർശിച്ചതുകൊണ്ട് എനിക്ക് വിശദീകരണം നൽകാൻ അവസരം വേണം. അതെന്റെ അവകാശമാണ്, എന്റെ പ്രിവിലേജ് ആണ്.

മി. പ്രോട്ടെം സ്പീക്കർ : ഒരു മിനിട്ട്... ഞാനൊന്ന് പറഞ്ഞോട്ടെ ..... നിയമസഭാചട്ടം 288 പ്രകാരം, A member may, with the permission of the Speaker, make a personal explanation although there is no question before the Assembly, but in this case no debatable matter may be brought forward, and no debate shall arise എന്നാണ് പറയുന്നത്. അങ്ങയെക്കുറിച്ച് പറഞ്ഞതിനുമാത്രം ലഘുവായി പറയാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എ. മാധവൻ : സർ, എന്നെക്കുറിച്ച് പരാമർശിച്ചത്, ഞാൻ ജയിലിൽ നിസാമിനെ കാണാൻ പോയി എന്നാണ്. ജയിൽ അഡ്വൈസറി ബോർഡിലെ ഒരു മെമ്പറാണ് ഞാൻ. 15 ദിവസം മുമ്പ് തീരുമാനിച്ച യോഗത്തിൽ പങ്കെടുക്കുവാനാണ് ഞാൻ പോയത്. 3-ാം തീയതി വൈകിട്ട് 4 മണി മുതലാണ് ആ യോഗം ആരംഭിച്ചത്. 5.45-നാണ് ഞാൻ ജയിലിൽ നിന്ന് മടങ്ങിപോകുന്നത്. ഞാൻ ഈ സഭയുടെ മുമ്പാകെ പറയുന്നു, ഞാൻ ഇതുമായി ബന്ധപ്പെട്ട് മുഴുവൻ വാർത്താ മാധ്യമങ്ങളിലുമായി പരസ്യമായ ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഞാൻ ഇത്രയുംകാലം ഒരു യുറന്ന ജീവിതമാണ് നയിച്ചിട്ടുള്ളത്. ഞാൻ എന്റെ അച്ഛന്റെ പേരോ എന്റെ പേരോ മാറ്റിയിട്ടില്ല. ഞാൻ അച്യുതൻ നായർ മകൻ മാധവൻ തന്നെയാണ്. ഒരിക്കൽപ്പോലും മാറ്റിയിട്ടില്ല. ഞാൻ ഒരു കൊലപാതകക്കേസ്സിലും പ്രതിയുമല്ല. ഒരുകാര്യംകൂടി പറയാൻ ആഗ്രഹിക്കുന്നു, നിസ്സാമിനെപോലെ അതിക്രൂരനായ ഒരാളെ ജയിലിൽ പോയി കാണുകയും ചന്ദ്രബോസിന്റെ ഭാര്യയെപ്പോയി ആശ്വസിപ്പിക്കുകയും ചെയ്യാൻ ഇരുതലനയമുള്ള ഒരാളല്ല ഞാൻ. ഒരു ക്രൂരനുമാത്രമേ അതിന് കഴിയൂ. ഞാൻ പേരൊന്നും മാറ്റിയിട്ടില്ല. ഒരു കാര്യംകൂടി പറഞ്ഞവസാനിപ്പിക്കാം, ഞാൻ നിസാമിനെ ജയിലിൽ പോയി കണ്ടുവെങ്കിൽ എന്റെ പൊതുജീവിതം ആ നിമിഷം അവസാനിപ്പിക്കാൻ തയ്യാറാണ്.

10.00 AM]

ആഭ്യന്തരവും വിജിലൻസവും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ശ്രീ. ബാബു. എം. പാലിശ്ശേരി പറഞ്ഞ അതേ ഗൗരവത്തോടെ തന്നെയാണ് ഈ കേസിൽ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ സമൂഹ മന:സാക്ഷിയെ ഞെട്ടിപ്പിച്ച, അതിപൈശാചികമായ കൊലപാതക കേസിലെ പ്രതിക്ക് പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കുക എന്നുള്ള ലക്ഷ്യത്തോടെയാണ് ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ ചന്ദ്രബോസിന്റെ വീട്ടിൽപ്പോയപ്പോൾ ശ്രീ. പി. എ. മാധവനും ശ്രീ. വി. എസ്. സുനിൽ കുമാർ എം.എൽ.എ.-യും എന്നോടൊപ്പം ഉണ്ടായിരുന്നു. അവിടെവച്ച് അമ്മയും സഹോദരിയും ആവശ്യപ്പെട്ട മുഴുവൻ കാര്യങ്ങളും ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. കാപ്പ ചുമത്തുകയെന്ന് പറഞ്ഞാൽ Preventive detention ആണ്. അതിന് ചില നടപടിക്രമങ്ങളുണ്ട്. മുൻ ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെയുണ്ടല്ലോ, നമ്മൾ പറയുന്നതനുസരിച്ച് ആരുടെയും പേരിൽ കാപ്പ ചുമത്താൻ പറ്റില്ല. അതൊരു പ്രോസസ്സാണ്. ഗവൺമെന്റ് പറയുന്നതനുസരിച്ച് കാപ്പ ചുമത്തിയാൽ പ്രതിക്ക് ഹൈക്കോടതിയിൽനിന്ന്